ഉത്തരം

(എ) ഉണ്ട്.

(ബി) മിനിസിവിൽ സ്റ്റേഷൻ നിർമ്മിക്കാനുദ്ദേശിക്കുന്ന സ്ഥലത്ത് സ്ഥിതി ചെയ്യുന്ന പഴയ താലൂക്ക് ഓഫീസ് കെട്ടിടം പൊളിച്ചു മാറ്റുന്നതിനുവേണ്ടി 16-2-2004-ൽ ആദ്യലേലം നടത്തി. ലേലം എടുത്തയാൾ പണി നടത്താതെ പോയതിനാൽ പുനർ ലേലം 21-1-2005-ൽ നടത്തി. പൊളിച്ചുമാറ്റൽ പണികൾ നടന്നുവരുന്നു.

(സി) പഴയ കെട്ടിടം പൊളിച്ചു മാറ്റി, സൈറ്റ് കൈമാറി കഴിഞ്ഞ് രണ്ടുവർഷത്തിനകം പൂർത്തിയാക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

വീരണകാവിൽ വില്ലേജ് ആഫീസ് കെട്ടിട നിർമ്മാണം

15 [1379] ശ്രീ. ജി. കാർത്തികേയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൂവച്ചൽ ഗ്രാമപഞ്ചായത്തിലെ വീരണകാവിൽ വില്ലേജ് ആഫീസ് കെട്ടിടം നിർമ്മിക്കുന്നതിനുള്ള ഭരണാനുമതി നൽകുന്നതിന് എന്ത് നടപടി സ്വീകരിച്ചുവെന്നു വ്യക്തമാക്കാമോ;

(ബി) പ്രസ്തുത വിഷയത്തിൽ എന്തെങ്കിലും തടസ്സം ഉള്ളതായിട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉത്തരം

(എ) & (ബി) പൂവച്ചൽ ഗ്രാമപഞ്ചായത്തിലെ വീരണകാവ് വില്ലേജ് ഓഫീസ് സ്വന്തം കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. ഇതിന്റെ അറ്റകുറ്റപ്പണികൾക്കായി എസ്റ്റിമേറ്റ് സമർപ്പിക്കാൻ പൊതുമരാമത്ത് വകുപ്പിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

കാസർഗോഡ് ഗവ. പോളിടെക്നിക്കിന് ലൈബ്രറി കെട്ടിട നിർമ്മാണം

16 [1380] ശ്രീ. കെ. വി. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ പെരിയയിൽ സ്ഥിതിചെയ്യുന്ന ഗവൺമെന്റ് പോളിടെക്നിക്കിന് ലൈബ്രറി കെട്ടിടം നിർമ്മിക്കുന്നതിലേക്കായി എത്ര ലക്ഷം രൂപയുടെ എസ്റ്റിമേറ്റിനാണ് ഭരണാനുമതി നൽകിയിട്ടുള്ളതെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തി ടെണ്ടർ ചെയ്ത് പണി ആരംഭിച്ചിട്ടുണ്ടോ;

(സി) ഇല്ലെങ്കിൽ അതിനുള്ള കാരണമെന്താണെന്ന് വിശദമാക്കാമോ;

(ഡി) തടസ്സം നീക്കി ഈ സാമ്പത്തിക വർഷംതന്നെ പണി തുടങ്ങുന്നതിന് നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 20.5 ലക്ഷം രൂപ

(ബി)—(ഡി) ടെണ്ടർ ചെയ്ത് പണി ആരംഭിക്കുവാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

വണ്ടൂരിലെ എ.ഇ.ഒ. ഓഫീസ് കെട്ടിട നിർമ്മാണം

17 [1382] ശ്രീ. പി. കെ. അബ്ദുറബ്ബ് :
" കെ. എൻ. എ. ഖാദർ :
" നാലകത്ത് സൂപ്പി :
" സി. മോയിൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിലെ വണ്ടൂരിൽ എ.ഇ.ഒ. ഓഫീസിന് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിന് 2004-05 വർഷത്തെ ബഡ്ജറ്റിൽ 5 ലക്ഷം രൂപ നീക്കി വച്ചിരുന്നത് ലാപ്സാകാൻ പോകുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഭരണാനുമതി നൽകാതെ കാലതാമസം വരുത്തിയ ബന്ധപ്പെട്ട ഉദ്യോഗസ്ഥന്മാർക്കെതിരെ ഉചിതമായ നടപടി സ്വീകരിക്കുമോ;

(സി) പ്രസ്തുത കെട്ടിടം നിർമ്മിക്കുന്നതിന് വേണ്ട ഭരണാനുമതിയും സാങ്കേതികാനുമതിയും അടിയന്തിരമായി നൽകുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ)—(സി) ടി ഓഫീസിന്റെ ഭരണാനുമതിക്കായി 20.50 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് പൊതു വിദ്യാഭ്യാസ വകുപ്പിന്റെ പരിഗണനയിലാണ്. ഭരണാനുമതിയും സാങ്കേതികാനുമതിയും നൽകി കെട്ടിടം നിർമ്മിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

കേരളത്തിലെ ദേശീയപാതകളുടെ വികസനം

18 [1385] ശ്രീ. എ. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ ദേശീയപാതകളുടെ വികസനത്തിനുവേണ്ടി സംസ്ഥാന സർക്കാർ കേന്ദ്രത്തിന് സമർപ്പിച്ച പദ്ധതികൾക്ക് കേന്ദ്ര ഗവൺമെന്റിന്റെ അംഗീകാരം ലഭിച്ചിട്ടുണ്ടോ;

(ബി) കേന്ദ്രത്തിന് സമർപ്പിച്ച പദ്ധതികളുടെ പ്രധാന നിർദ്ദേശങ്ങൾ എന്തെല്ലാമായിരുന്നു;

(സി) സംസ്ഥാനത്തെ ദേശീയപാത വികസനത്തിന് കേന്ദ്രം എത്ര കോടി രൂപയാണ് നൽകാമെന്ന് സമ്മതിച്ചിരിക്കുന്നത് എന്നു വെളിപ്പെടുത്താമോ;

LIBRARY ARCHIVES Kerala Legislative Assembly